വൈദ്യുതി കണക്ഷൻ

199. [251] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ പുതിയ തീരുമാനമനുസരിച്ച് എന്നുവരെയുള്ള അപേക്ഷകർക്ക് വൈദ്യുത കണക്ഷൻ നൽകുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഏത്ര കാലംകൊണ്ട് മുഴുവൻ അപേക്ഷകർക്കും കണക്ഷൻ നൽകാൻ സാധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) ഇതിന് ആവശ്യമായ മെറ്റീരിയൽസ് സ്റ്റോക്ക് ഉണ്ടോ?

ഉത്തരം

(എ, ബി) ഇപ്പോൾ കണക്ഷനുവേണ്ടി അപേക്ഷിച്ചിട്ടുള്ള ഒന്നരലക്ഷത്തോളം അപേക്ഷകർക്കും നടപ്പു സാമ്പത്തിക വർഷത്തിൽതന്നെ കണക്ഷൻ നൽകണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) സാധന സാമഗ്രികളും ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

The Norms for giving Electric connections

200. [252] **Dr. A. Subha Rao** : Will the Minister for Electricity be pleased to State :

(a) Whether the K.S.E.B. has revised the norms for giving Electric connections to the consumers in recent months ;

(b) If so the details of the same?

Answer

(a) Due to the recent power cut and consequent financial difficulties confronted by the Board, certain restrictions in the matter of allocation of power and providing new connections had to be imposed as a temporary measure. Generally the norms are the same as before.

(b) Power allocation upto 10 H.P. is sanctioned by the Superintending Engineers whereas all Power allocations above this is to be approved at Board level.

പമ്പുസെറ്റുകൾക്ക് വൈദ്യുതി കണക്ഷൻ

201. [253] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികാവശ്യങ്ങൾക്കു വേണ്ടിയുള്ള പമ്പുസെറ്റുകൾക്കുള്ള വൈദ്യുത കണക്ഷനു പ്രത്യേക പരിഗണന നൽകുവാൻ വല്ല തീരുമാനവും എടുത്തിട്ടുണ്ടോ ;

(ബി) കാർഷിക ആവശ്യങ്ങൾക്ക് വൈദ്യുതകണക്ഷൻ നൽകുവാൻ സമയബന്ധിത പരിപാടിവെച്ച് വേണ്ട നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly